# ക്രിമിനൽ പ്രശ്നം

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഭാവനയിൽ വിഭാവന ചെയ്യുന്ന ഒരു ലേഖനത്തിന് അതിന്റെ അന്തസത്ത പകരാൻ വായനക്കാരനു കഴിയണം എന്നാത്മാർത്ഥ ചിന്തയോടെ ഇത് സമർപ്പിക്കുന്നു: സാഹിത്യം ലവലേശം ഇല്ലാതെ വളരെ ലളിതമായ ഭാഷയിൽ ഇത് അവതരിപ്പാൻ ശ്രമിക്കുകയാണ്.

ഇന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം അലതല്ലുന്ന ഒരു വലിയ വിഷയമാണ് ജിഷ വിഷയം. രണ്ടു വലിയ കുറ്റങ്ങളാണ്: ബലാൽസംഗം, കൊലപാതം. ഇത് രണ്ടും വലിയ കുറ്റങ്ങളാണ്. ഒരു ദിവസം കൊണ്ടോ, ഒരു നിമിഷം കൊണ്ടോ സംഭവിച്ചകാര്യമല്ലിത്. വളരെയധികംദിവസങ്ങൾക്കു മുമ്പു മുതൽ ഇതിന് പദ്ധതി ഇട്ടിട്ടുണ്ടാവാം. വായിച്ചു മനസ്സിലാക്കാൻ സാധിച്ചത്: വളരെ ദിവസങ്ങൾക്കു മുമ്പു തന്നെ ഈ പെൺകുട്ടിയെ ആരോ പിൻതുടന്ന് ഉപദ്രവിക്കുന്നുണ്ടെന്ന് ആ കുട്ടിയുടെ മാതാവ് പരാതിപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇത് വളരെ അക്ഷന്ത്യമായ ഒരു തെറ്റാണ്. ആ പോലീസ് ഉദ്യോഗസ്ഥനെ കഠിനമായി ശിക്ഷിക്കേണ്ടതാണ്. ഒരു ദളിത് പെൺകുട്ടി എന്ന ചിന്ത, ഇന്ന് വലിയ പ്രശ്നമായ് തീന്നിരിക്കുകയാണ്. ഉണങ്ങി വരണ്ടിരിക്കുന്ന കാട്ടിൽ ഒരു ചെറിയ തീപൊരി വീണാൽ സാധാരണ ആരും അവഗണിക്കും. അത് പടന്ന് പന്തലിച്ച് ഒരു വലിയ കാട്ടുതീ ആയ് തീരു മ്പോളാണ് അതിന്റെ ഗാംഭീരം ഉൾക്കൊള്ളുന്നത്.

ആ വീടിന് സമീപത്തുള്ള ആരെങ്കിലും നിരന്തരം പല ദിവസങ്ങളിലായി, അവിടെ നടക്കുന്ന ചലനങ്ങളെ ശ്രദ്ധിക്കുന്നുണ്ടായിരിക്കാം. ഒരു കാട്ടിലെ കാട്ടു മരത്തിൽ ഉണ്ടായ പഴുത്ത പഴത്തെ കണ്ട് രുചിയറിയാൻ കാംക്ഷിക്കുന്നത് സ്വാഭാവികമായ ഒരു സാധാരണ സംഭവമാണ്. അതിന് മേലാളോ കീഴാളോയെന്ന് നോക്കേണ്ടതില്ല. പല ദിവസങ്ങളിലെ വീക്ഷണത്തിനു ശേഷം ആ വീട്ടിൽ ആരെല്ലാമുണ്ടെന്നും അവരുടെ ദൈനംദിന ജീവിതചര്യയും മനസ്സിലാക്കിയാൽ പിന്നെ കാര്യം വളരെ പ്രയാസം കൂടാതെ അയി. അവരുട അമ്മ നിത്യേന ജോലിക്കു പ്രഭാതത്തിൽ പോയി പ്രദോഷത്തിൽ എത്തും; അനുജത്തി കാലത്ത് പള്ളിക്കൂടത്തിൽ പോയാൽ വൈകുന്നേരമേ മടങ്ങി വരികയുള്ളു. എല്ലാ ദിവസവും കോളേജിൽ പോകാത്ത ഈ പെൺകുട്ടിയുടെ ചലനങ്ങളും ശ്രദ്ധിച്ചു കാണും.

അങ്ങിനെ കെട്ടുറപ്പില്ലാത്ത ആ വീട്ടിൽ പുഷ്പിണിയായ ആ പെണ്ണിനെ കയ്യേറാൻ ആക്കും നിഷ്പ്രയാസം സാധിക്കും. കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റംവരെ ഇതുപോലുള്ള നിരവധി കുടിലുകൾ കണ്ടേക്കാം; അവക്കെല്ലാം കെട്ടുറപ്പുള്ള വീടുകൾ പണിതു കൊടുക്കാൻ ഒരു സക്കാറിനും സാദ്ധ്യമല്ലല്ലോ. അതല്ലങ്കിൽ കേരളത്തിലെ മുഖ്യമന്ത്രിയോ, പോലീസു മന്ത്രിക്കോ ഇങ്ങിനെയുള്ള എല്ലാ വീടുകളുടെ അടുക്കലും എല്ലാ രാപകലുകളിൽ കാവലിരിക്കാൻ സാദ്ധ്യമല്ല. കേരളത്തിലെ പോലീസുകാരെ കൊണ്ട് ഇങ്ങിനെയുള്ള വീടുകൾക്കെല്ലാം കാവൽ ചെയ്യാനും സാദ്ധ്യമല്ല.

ആ വീട്ടിൽ ആളില്ലാത്ത സമയത്ത്, ഈ പെൺകുട്ടി തനിച്ചുള്ളപ്പോൾ ആരെങ്കിലും അതിക്രമിച്ചു കയറികാണണം. ഒരു പെൺകുട്ടിയും ബലാൽസംഗം ചെയ്യാൻ സമ്മതിക്കത്തില്ല; കൂടാതെ കന്യകയായ ഏതൊരു പെണ്ണും ഒരിക്കലും സമ്മതിക്കത്തില്ല; കൂടതെ നിയമ വിദ്യാർത്ഥിയും. വന്ന ആക്രമത്തെ ചെറുത്തു കാണും. അതിനെ ചെറുത്ത് ബലാൽക്കാരമായി അവളെ ഭോഗിക്കാനായി തീച്ചയായും പരിശ്രമിക്കും. അപ്പോൾ അവൾ പിന്നെയും ചെറുത്തപ്പോൾ, ബലാൽക്കാരമായി കാര്യം സാധിച്ചു കാണും. ഒരു പ്രാവശ്യമല്ല; പല പ്രാവശ്യം. അയാളോടെ സഹകരിക്കാത്ത ആ പെണ്ണിനെ പിന്നെ ജീവനോടെ വെച്ചാൽ അത് ഉപദ്രവമാകാൻ സാദ്ധ്യതയുണ്ട്. അപ്പോൾ എന്തെങ്കിലും ആയുധം വെച്ച് അതിക്രൂരമായി കൊന്നിരിക്കാം. എന്നിട്ടും അവളോടുള്ള വൈരാഗ്യം തീരാതെ വന്നപ്പോൾ ഏറ്റവും ബീഭത്സമായ വിധത്തിൽ ഉപദ്രവിച്ചിരിക്കാം. അതിന് മുഖമെന്നോ യോനിയെന്നാ വ്യത്യാസം വന്നില്ല. ഇത്രയുമായി കഴിഞ്ഞപ്പോൾ ആ വ്യക്തി ആരു തന്നെ ആയാലും പിന്നെ അവിടെ നിൽക്കാതെ ചുറ്റിനും നോക്കി, സുരക്ഷ വരുത്തിയ ശേഷം ഓടി രക്ഷപെട്ടു കാണണം.

ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ പെൺകുട്ടികൾ ചെയ്യേണ്ടത്: തന്നെ അക്രമിക്കാൻ വരുന്ന ആളിനോടെ തനിക്ക് എയിഡ് രോഗം ഉണ്ട്, അതുകൊണ്ട് മാറി പോ എന്ന് നിർദ്ദേശിക്കാം. എന്നിട്ടും മാറാതിരിക്കുന്ന ആളിനോട് ചെറുത്തു നിൽക്കാതെ സഹകരിക്കുക. എയിഡ് രോഗമുണ്ടന്ന് പറഞ്ഞ പെണ്ണ് സഹകരിക്കുകയെന്നത്, സാധാരണ ആരും പുനർ ചിന്തനം ചെയ്ത് പിന്മാറാൻ സാദ്ധ്യതയുണ്ട്. കാമപൂരിതനായ സാധാരണ യുവാക്കൾ അതൊന്നും വകവെയ്ക്കാതെ അവളെ ഭോഗിക്കും, ഒരു പക്ഷേ പലപ്രാവശ്യം. അതു കഴിഞ്ഞ് പോയാലുടനെ പോലീസിൽ വിവരമറിയിച്ച് സത്വര നടപടി സ്വീകരിക്കുക എന്നതാണ് ഏറ്റവും നല്ല മാർഗ്ഗം.

പണ്ട് പണ്ടു കാലം മുതൽ ലോകത്ത് എല്ലായിടത്തും നടക്കുന്ന ഒരു കാര്യമാണിത്. പ്രത്യേകിച്ച് ദളിത് പെണ്ണ്. അന്നെല്ലാം അത് സഹിച്ച്, ആരുമറിയാതെ രഹസ്യമായി ഇരുന്നിട്ടേ ഉള്ളൂ. പെണ്ണിന്റെ മാതാപിതാക്കൾ അറിഞ്ഞാൽ അവക്ക് പണം നൽകി ഒതുക്കി കളയും. അതല്ലങ്കിൽ, ദളിത പെൺകുട്ടി പുഷ്പിണി ആയാൽ മേലാളക്ക് കാഴ്ച വെച്ച് അവരിൽ നിന്ന് പണം അല്ലങ്കിൽ പണ്ടം പിടുങ്ങും.

ഇങ്ങിനെ ചെയ്യുന്നവരെ തല്ലി കൊല്ലണം, വെടി വെച്ച് കൊല്ലണം എന്നെല്ലാം പറയുന്നതിനോട് യോജിക്കുന്നില്ല. അതെല്ലാം വളരെ നിസാരങ്ങളായ ശിക്ഷകളാണ്. ബലാൽസംഗം ചെയ്യുന്നവന്റെ ലിംഗം ഛേദിച്ച്, അവന്റെ നെറ്റിയിൽ പച്ചകുത്തി ലോകം മുഴുവനും കാണിക്കണം. കൊലപാതകം ചെയ്യുന്നവന്റെ രണ്ടു കയ്യും കാലും ഛേദിച്ച് അവന്റേയും നെറ്റിയിൽ പച്ചകുത്തി ലോകം മുഴുവനും കാണിക്കണം. ഇതാണ് ഏറ്റവും ഉത്തമമായ ശിക്ഷ. ഈ രണ്ടു തെറ്റുകളും ചെയ്യുന്നവന് ഈ രണ്ടു ശിക്ഷയും കൊടുക്കണം. ഈ ശിക്ഷകൾ വെച്ചു താമസിപ്പിക്കരുത്.

ഭയം എന്ന വികാരം ഉണ്ടെങ്കിൽ മനുഷ്യൻ തെറ്റുകൾ ചെയ്യത്തില്ല. മരണം ഇന്ന് സമ്പത്തുള്ളവനും മാത്രം ഭയമുള്ളതാണ്. ചെറുപ്പ കാലങ്ങളിലേ ദൈവഭക്തിയിൽ വളന്ന് വരുന്നവരിൽ മാത്രം ഭയം ഉണ്ടായിരിക്കും; എത്ര രഹസ്യമായി എന്തു ചെയ്താലും ദൈവം കാണുമെന്ന ഭയം. നല്ല വിദ്യാഭ്യാസമുള്ള ചിലക്കും ഭയം ഉണ്ടാകാം. വീടും കുടുംബവും പ്രാരാബ്ധങ്ങളുള്ള ചിലക്കും ഭയം ഉണ്ടായേക്കാം. കേരളത്തിന് വെളിയിൽ പോയിട്ടുള്ളവക്ക് എങ്ങിനെയെങ്കിലും കഴിയണം കുടുംബം പോറ്റണം എന്ന ചിന്ത ഉള്ളപ്പോൾ അവന് ഭയം തീച്ചയായും കാണണം. ചെറുപ്പം മുതലേ ഭയം എന്ന വികാരം ഇല്ലാതെ വളന്ന് വരുന്ന ഏതൊരാളിനും, അത് ആണായാലും പെണ്ണായാലും എന്തും ചെയ്യാനും പറയാനും ധൈര്യം കാണും. ഇത് മാതാപിതാക്കളുടെ കത്തവ്യങ്ങളിൽ പെട്ടതാണ്. ജന്മം നൽകിയതു കൊണ്ടു മാത്രം മാതാവും പിതാവുമാകത്തില്ല.

പഴയ കാലങ്ങളിൽ കൊച്ചു കുട്ടികളെ നല്ല ശിക്ഷണത്തിലായിരുന്ന മാതാപിതാക്കളും ഗുരുക്കന്മാരും വളർത്തിയിരുന്നത്. ഇന്ന് കാലം മാറി കോലം മാറി, ലോകം തന്നെ മാറി.

ഈ കേസുകെട്ടിൽ പെൺകുട്ടിയുടെ മാതാവിനെ ആശ്വസിപ്പിക്കാൻ എന്ന ഭാവത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രി തന്നെ നേരിട്ടെത്തി എന്നത് ഇലക്ഷന്റെ മുതലെടുക്കാനായുള്ള രാഷ്ട്രീയകളിയാണെന്ന കാര്യം ആർക്കുമറിയാം. പുരയ്ക്കു തീ പിടിക്കുമ്പോൾ തീ വെട്ടണം എന്ന് മലയാളത്തിൽ പഴമൊഴി ഉണ്ടല്ലോ. അവരെ ആശ്വസിപ്പിക്കാൻ പ്രതിപക്ഷ നേതാവെത്തുന്നു, ഉപ നേതാവ് എത്തുന്നു; അവർക്ക് കെട്ടുറപ്പുള്ള വീടുവെച്ചുകൊടുക്കാൻ ആൾക്കാർ ക്യൂ നിൽക്കുന്നു. എന്തായാലും സൂക്ഷത്തിന് തിരഞ്ഞെടുപ്പു സമയമായി. ഇത്രയും കാലമുണ്ടായിട്ടും ആരും അവരെ തിരിഞ്ഞു നോക്കിയില്ല. കേരളത്തിലെ ജനങ്ങൾ മണ്ടന്മാരാണെന്ന് ആരും കരുതരുത്. ചുരുക്കി പറഞ്ഞാൽ രാഷ്ട്രീയകളിയുടെ ബഹളമായി കേരളത്തിൽ പഴയ കാലത്ത് പെട്ടന്ന് കൂൺ കിളിച്ചു വന്നത് കണ്ടിട്ടുണ്ട്; അതുപോലെ ഇപ്പോൾ എല്ലാ രാഷ്ട്രീയം കളിയ്ക്കുന്ന പാർട്ടികൾക്കും അവരോട് വലിയ സ്നേഹമായി.

ഈ കുറ്റം ചെയ്തത് ആരാണ്? ഈ കൃത്യം കഴിഞ്ഞ് കുറച്ചു ദിവസത്തേക്ക് ഇത് പൊതിഞ്ഞു വെയ്ക്കാൻ ശ്രമിച്ചു എന്ന് അറിഞ്ഞപ്പോൾ, തീർച്ചയായും അതിനടുത്തുള്ള ഏതെങ്കിലും വലിയ പണചാക്കിന്റെ കുടുംബത്തിൽ പെട്ടവരോ രാഷ്ട്രീയക്കാരോ അതല്ലങ്കിൽ ഇത് രണ്ടും കൂടെ ഉള്ളവരിൽ പെട്ടതോ ആണെന്ന് ആർക്കും പെട്ടന്ന് മനസ്സിലാകും. കൂടാതെ ഒരു ഡോക്ടറുപോലുമല്ലാത്ത ഒരാളെകൊണ്ട് പെട്ടന്ന് പോസ്റ്റ് മാർട്ടം ഉണ്ടാക്കി പെട്ടന്നു തന്നെ ശവം ദഹിപ്പിക്കുക; അങ്ങിനെ ചെയ്യാൻ പാടില്ലാത്തതായിരിക്കെ, ചെയ്യുക. ഇതെല്ലാം മുമ്പു പറഞ്ഞ ആൾക്കാരെ ആണ് സൂചിപ്പിക്കുന്നത്. അപ്പോൾ ആ വീടിന് പരിസരത്തുള്ള സമ്പന്നരുടേയോ, രാഷ്ട്രീയക്കാരുടേയോ, അതല്ല ഇത് രണ്ടും കൂട്ടികലർന്ന കുടുംബങ്ങളിൽ പെട്ടവരുടേയോ ആൾക്കാരാണ് ഇത് ചെയ്തതെന്ന് സൂക്ഷമാണ്.

ഇതല്ലങ്കിൽ അന്യദേശ തൊഴിലാളികളിൽ പെട്ടവർ ആരെങ്കിലും ചെയ്തിട്ട് പെട്ടന്ന് സ്വ ദേശത്തേക്ക് പോയവരെ സംശയിക്കാം. ഇതല്ലങ്കിൽ ഈ വീടിന് തൊട്ടടുത്തുള്ള ഏതെങ്കിലും വീട്ടിലുള്ളവരായിരിക്കാം. ഇൻഡ്യൻ മിലിറ്ററിയിൽ, അത് ആർമി, നേവി, എയർഫോഴ്സ് ഇക്കൂട്ടരിൽ ആരുടെയെങ്കിലും ട്രയിനിംഗ് കാലത്ത് മുപ്പതു പേരടങ്ങുന്ന കൂട്ടത്തിൽ ആരെങ്കിലും ഒരാൾ ഒരു കുറ്റം ചെയ്തിട്ട് ചോദ്യം ചെയ്യുമ്പോൾ സമ്മതിക്കാതിരുന്നാൽ, ഏതു കാലാവസ്ഥ ആയിരുന്നാൽ രാപകൽ ഭേദമില്ലാതെ, ആ മുപ്പതു പേരടങ്ങുന്ന ബാച്ചിനെ മുഴുവനും ശിക്ഷ കൊടുക്കും. അവസാനം കുറ്റം ചെയ്തവൻ സമ്മതിക്കും. എന്നു പറഞ്ഞതു പോലെ ആ വീടിന് സമീപത്തുള്ള സകല വീട്ടുകാരേയും രാപകലില്ലാതെ ശിക്ഷിച്ചാൽ തീർച്ചയായും കുറ്റക്കാരനെ കണ്ടുപിടിക്കാൻ സാധിക്കും. ഈ വിവരം കേട്ടാൽ തന്നെ, ആ കുറ്റം ചെയ്തവൻ പുറത്തു വരും. ആറിയ കഞ്ഞി പഴങ്കഞ്ഞി എന്നതുപോലെ ആക്കാതിരിക്കണം. പ്രത്യേകിച്ച് ഈ തിരഞ്ഞെടുപ്പു കാലത്ത്. സമർത്ഥനായ ഒരു ഉദ്യോഗസ്ഥനെ ഈ ചുമതല ഏല്പിച്ചാൽ തിരഞ്ഞെടുപ്പ് അതിന്റെ വഴിക്കും അന്വേഷണം അതിന്റെ വഴിക്കും പോകും. ആരും ആരേയും പഴി ചാരാതെ കഴിയണം.

ഇപ്പോൾ ഇന്ത്യാ മഹാരാജ്യത്ത് ഇത്തരം കൃത്യങ്ങൾ സുലഭമായിനടക്കുന്നതായി അറിയുന്നു. ഇതിന് എങ്ങിനെ പരിഹാരം ഉണ്ടാക്കാം. മനുഷ്യരിൽ സ്ത്രീ പുരുഷ ഭേദമെന്യേ ഏവർക്കും കാമം ഉണ്ട്. സ്ത്രീകൾ അവരുടെ കാമം അടക്കി ഒതുക്കി ജീവിക്കും. എന്നാൽ ഇപ്പോൾ കേൾക്കുന്നത് ചില രാജ്യങ്ങളിൽ, ചില സ്ഥലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെ പിടിച്ചു കൊണ്ടു പോയി ബലാൽസംഗം ചെയ്യുന്നു. ഇത് വളരെ ക്രൂരമായ വിനോദമാണ്. പല സ്ത്രീകൾ ഒന്നിച്ച് ഒരു പുരുഷനെ ബലാൽസംഗം ചെയ്താൽ അയാളെ പിന്നെ ഒന്നിനും കൊള്ളത്തില്ല. ഒരു സ്ത്രീ പരിപൂർണ്ണ കാമപൂരിത ആയാൽ നല്ല ആരോഗ്യമില്ലാത്ത ഏതൊരു പുരുഷനും വീണു പോകും. ചില സ്ത്രീകൾ സ്വന്തം ഭർത്താവിന്റെടുക്കൽ നിന്നും പൂർണ്ണമായ കാമസംതൃപ്തി ലഭ്യമാകാതെ വരുമ്പോൾ ഭർത്താവിനേയും മക്കളേയും എല്ലാം ഉപേക്ഷിച്ച്, അവൾക്ക് കാമസംതൃപ്തി നൽകുന്ന പുരുഷന്റെ കൂടെ പോയി താമസിക്കും. ഇപ്പോൾ കേൾക്കുന്നത് പ്രായമുള്ള സ്ത്രീകൾ വളരെ ചെറുപ്പമുള്ള പുരുഷന്മാരുമായി ഒന്നിച്ചു ജീവിക്കുന്നു. ഇപ്പോഴുള്ള പല വീടുകളിലും പുരുഷന്മാർ സ്വന്തം ഭാര്യയുടെ അടുക്കൽ ലൈഗിക പ്രവർത്തിക്കു ചെല്ലുമ്പോൾ സ്ത്രീകൾ അതിനു സമ്മതിക്കാതെ കുടുംബ കലഹം ഉണ്ടാകുന്നു. അപ്പോൾ ഒരു കുടുംബത്തിൽ സമാധാനം നിലനിർത്താൻ അത്യധികം ആവശ്യകത അയിട്ടുള്ള പ്രധാന ഘടകങ്ങളിൽ ഒന്നാണ് രതി ക്രീടകൾ. സ്വന്തം ഭാര്യയുടെ അടുക്കൽ നിന്നും ലൈഗിക സുഖം കിട്ടാതെ വരുമ്പോൾ പുരുഷന്മാർ പര സ്ത്രീകളെ പ്രാപിക്കാൻ പോകുന്നു. പണ്ട് ഒരിക്കൽ ഒരു സ്ത്രീ പറഞ്ഞത്: ഞാനും അവളും സ്ത്രീകളാണ്; പിന്നെന്തിന് എന്നെ കളഞ്ഞ് അവളുടെ അടുക്കൽ പോകുന്നു. ഇവിടെയാണ് കാളിദാസൻ ഉത്തമ ഭാര്യയെക്കുറിച്ച് പറഞ്ഞ അവസാനവാക്യം: ശയനേശു വേശ്യ. എന്നു പറഞ്ഞാൽ ഒരു വേശ്യാ സ്ത്രീ ചെയ്യുന്നതുപോലെയെല്ലാം ഉത്തമയായ ഭാര്യ ചെയ്യണമെന്നാണ്. അല്ലാതെ വെറുതെ കിടക്ക പങ്കിട്ടതു കൊണ്ടു മാത്രമാകത്തില്ല. അതിനെപറ്റി കൂടുതൽ പഠിക്കണമെങ്കിൽ, ഒന്നുകിൽ സെക്സിയോളജി പഠിക്കണം സ്ക്കൂളിൽ പോയി; അല്ലങ്കിൽ കാമശാസ്ത്രം വായിച്ചു പഠിക്കണം; അതുമല്ലങ്കിൽ ആരോഗ്യശാസ്ത്രം വായിച്ചു പഠിക്കണം. ഭാര്യാഭർത്താക്കന്മാർ പരസ്പരം കാമകേളികളിൽ സഹകരിച്ചില്ലങ്കിൽ അയൽപക്കത്തുള്ള പല ദളിത ഭവനങ്ങളിലും ഇതുപോലെ പലതും നടക്കാൻ സാദ്ധ്യതയുണ്ട്. പുരുഷന്മാർ രതിക്രിയകളിൽ പരിപൂർണ്ണരായി തീരുമ്പോൾ തന്റെ ഇണയും ഒരു മജ്ജയും മാംസവുമുള്ള മനുഷ്യസ്ത്രീയാണെന്നും, അവളും സംതൃപ്തയാണോ എന്നു കൂടി ചിന്തിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഇന്ത്യാ മഹാരാജ്യത്ത്, ഇന്ന് വിദേശങ്ങളിൽ കാണുന്നതുപോലെ വേശ്യാലയങ്ങളും, Adult storeഉം ഉണ്ടാകണം. ഇങ്ങിനെയുള്ള കടകളിൽ സ്ത്രീ പുരുഷന്മാർക്ക് വേണ്ട എല്ലാ ലൈഗിക അവയവങ്ങളും കൂടാതെ പൂർണ്ണ ആൾ രൂപത്തിലുള്ള പ്ലാസ്റ്റിക്കു കൊണ്ടുള്ള സ്ത്രീ പുരുഷന്മാരേയും വാങ്ങാൻ കിട്ടും. അപ്പോൾ സ്വയം ഭോഗം ചെയ്യാതെയും മറ്റു പലവിധത്തിലുള്ള ഭോഗപ്രക്രിയകൾ ചെയ്യാതെയും ഭവനങ്ങളിൽ ലൈഗിക സംതൃപ്തി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഒരു വീടിന്റെ അടുത്തായി തന്നെ ഔദ്യോഗിക വേശ്യാലയം ഉണ്ടായാൽ, അവിടെ അടുത്തുള്ള ഭവനങ്ങളിലെ സ്ത്രീകൾ വളരെ ശ്രദ്ധിച്ച് തന്റെ ഭർത്താവ് അവിടെ പോകാതിരിക്കതക്കവിധം അയാളെ ലൈഗികമായി പ്രീതിപ്പെടുത്തികൊണ്ടിരിക്കും.

ഇത് പഴയ യുഗമല്ല; ആധുനീക യുഗമാണ്. പഴയ കാലത്ത് ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിച്ച് വീട്ടിൽ കൊണ്ടു വന്ന് വേലക്കാരിയെപ്പോലെ പണിചെയ്യിച്ച്, അടിമയെപ്പോലെ ഭോഗിച്ച് കഴിയാൻ. ഇന്ന് വ്യവസ്ഥിതികൾ മാറി. പുരുഷനും സ്ത്രീയും എല്ലാ കാര്യങ്ങളിലും സഹകരിച്ചും പരസ്പരം സ്നേഹിച്ചും കഴിയേണ്ടതാണ്. പുരുഷന്മാരെപ്പോലെ തന്നെ ഏതു പ്രായത്തിലുള്ള സ്ത്രീക്കും കാമം ഉണ്ട്. അവളുടെ കാമം ജ്വലിപ്പിച്ചാൽ സാധാരണ പുരുഷനെകൊണ്ട് അടക്കി നിർത്താൻ പ്രയാസമായിരിക്കും. അപ്പോൾ അവളെ വേണ്ട വിധത്തിലെല്ലാം സന്തോഷിപ്പിച്ച് ഓരോ ഭവനവും ഓരോ കൊച്ചു സ്വർഗ്ഗമാക്കി തീർക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്.